FRATERNITY MOVEMENT
KERALA STATE COMMITTEE

followuson
+91 8157877816
fraternitykl@gmail.com
fraternitykerala.org

20/10/2022
തിരുവനന്തപുരം

പ്രിയരെ,

അധികാരത്തിലും പദവിയിലും വിഭവത്തിലും എല്ലാ വിഭാഗം ജനതക്കും പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന അതിമഹത്തായ ലക്ഷ്യത്തെ വിവിധങ്ങളായ രീതിയിൽ ആവിഷ്കരിച്ച ചരിത്ര സന്ദർഭം കൂടിയായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യ സമരം. എല്ലാ വിഭാഗം ജനങ്ങൾക്കും സ്വാതന്ത്ര്യം യാഥാർത്ഥ്യമായി അനുഭവിക്കാൻ സാധിക്കണമെങ്കിൽ വ്യത്യസ്ത മേഖലകളിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ കഴിയണം എന്നതിനാൽ തന്നെ സ്വാതന്ത്ര്യ സമരം സങ്കീർണവും ത്യാഗപൂർണവുമായ അവകാശസമരങ്ങളെക്കൂടി ഉൾക്കൊള്ളുന്നതായിരുന്നു. വ്യത്യസ്ത ചരിത്ര സന്ദർഭങ്ങളിൽ വിവിധങ്ങളായ സമുദായങ്ങൾ അധികാരത്തിലും പദവിയിലും വിഭവ വിതരണത്തിലും അവർക്കു നിഷേധിക്കപ്പെട്ട പങ്കാളിത്തം ഉറപ്പു വരുത്താൻ ജീവൻ തന്നെ നൽകി തീക്ഷ്ണ സമരങ്ങൾക്ക് നേതൃത്വം നൽകുകയുണ്ടായി. ഇത്തരം അനുഭവങ്ങളെക്കൂടി ഉൾക്കൊണ്ടുകൊണ്ടും അനുഭാവപൂർവം പരിഗണിച്ചു കൊണ്ടുമാണ് ഇന്ത്യയെന്ന സ്വതന്ത്രാധികാര രാഷ്ട്രത്തെ വിഭാവന ചെയ്യാൻ സാധിച്ചത്. സംവരണം എന്നത് ഭരണഘടനാവകാശമായി മാറിയതിന്റെ ചരിത്രമാണിത്. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ അതിജീവനത്തിനു വേണ്ടി നടന്ന അനേകം പോരാട്ടങ്ങളിലൂടെയും രൂക്ഷമായ സാമൂഹ്യനീതിയുടെ കണക്കുപറച്ചിലുകളിലൂടെയും നേടിയെടുത്ത അവകാശമാണ് സംവരണം എന്നു സാരം. അത് ഭരണഘടനാപരമായി അംഗീകരിക്കപ്പെട്ടതുമാണ്. ഭരണപരമായ പങ്കാളിത്തവും ദേശീയ വിഭവങ്ങളിന്മേലുള്ള അവകാശവുമാണ് സംവരണം കൊണ്ടുദ്ദേശിക്കുന്നത്.

പൗരാവകാശങ്ങൾക്ക് വലിയ പ്രതീക്ഷകൾ നൽകിയ ഭരണഘടനയുടെ അന്ത:സത്തയെ അനുഭവവേദ്യമാക്കാൻ സ്വതന്ത്ര ഇന്ത്യക്ക് സാധിച്ചില്ല എന്നതിനെ ഉറപ്പിച്ചു പറയാൻ കഴിയുന്ന ഒരു സൂചകം കൂടിയാണ് സംവരണം. സ്വതന്ത്ര ഇന്ത്യയിലും പിന്നാക്ക ജനവിഭാഗങ്ങൾക്ക് സംവരണത്തിനുവേണ്ടി നീതി പീഠത്തിലും തെരുവിലും സമരങ്ങൾ നയിക്കേണ്ടി വന്നു. ഇടതും വലതും ഹിന്ദുത്വ ശക്തികളുമെല്ലാം സംവരണത്തെ അട്ടിമറിക്കുന്നതിൽ ഒറ്റ മുന്നണിയായി. കാലഹരണപ്പെട്ടതായും അറുപഴഞ്ചനായും മുദ്രകുത്തിയും മെറിറ്റിനെ വിശുദ്ധവത്കരിച്ചും നടത്തിയ ഇത്തരം അട്ടിമറികളേയും അവിശുദ്ധ

കൂട്ടുകെട്ടുകളെയും അവക്കെതിരെ ഉയർന്ന പോരാട്ടങ്ങളെയും അടയാളപ്പെടുത്തലും സമരഭാഷ പുതുക്കലും കാലത്തിന്റെ തേട്ടമാണെന്ന് ഫ്രറ്റേണിറ്റി മനസ്സിലാക്കുന്നു.

കേരളത്തിൽ സംവരണത്തിന്റെ വിവിധ വശങ്ങളെ സമഗ്രമായി വിശകലനം ചെയ്യാനുള്ള ശ്രമങ്ങൾ എക്കാലവും നടന്നിട്ടുണ്ട്. ഔദാര്യത്തിനപ്പുറം അതൊരു അവകാശ സമരമായി വികസിച്ചിട്ടുമുണ്ട്. പക്ഷെ, പിന്നാക്ക ജനതയുടെ ശാക്തീകരണത്തിനോ വളർച്ചക്കോ അതുപകരിച്ചില്ലെന്നു മാത്രമല്ല, അട്ടിമറിയുടെ ചരിത്രം ആവർത്തിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. നിർത്തലാക്കണമെന്ന മുറവിളിയും ശക്തമാണ്. ഇത്രയും കാലം നടപ്പിലാക്കിയിട്ടും സംവരണത്തിന്റെ ഗുണഫലങ്ങൾ കിട്ടിയിട്ടില്ലെങ്കിൽ അത് എടുത്ത് കളയുകയല്ല, തീവ്രമായി നടപ്പിലാക്കി വേഗത്തിൽ ലക്ഷ്യം കൈവരിക്കുകയാണ് വേണ്ടതെന്നാണ് ഫ്രറ്റേണിറ്റിയുടെ പക്ഷം. സംവരണത്തിനു വേണ്ടിയുള്ള പോരാട്ടങ്ങൾ കാലാനുസൃതമായ വികാസപരിണാമങ്ങൾക്ക് വിധേയമാവണമെന്ന് മൂവ്മെൻറ് ലക്ഷ്യം വെക്കുന്നു. സംവരണം ക്രിയാത്മകമായി നടപ്പിലാക്കണമെന്ന ആവശ്യമുന്നയിച്ച് ഈ മൂവ്മെൻറ് രൂപീകരണ കാലം മുതൽ തന്നെ രംഗത്തുണ്ട്. നിയമപരമായ ഇടപെടലുകളും സമരങ്ങളും തുടരുമ്പോൾ തന്നെ പുതിയ ഭാഷയും ശൈലിയും രൂപപ്പെടുത്തി സംവരണ അവകാശങ്ങൾ നേടിയെടുക്കാനുള്ള ശ്രമത്തെ ശക്തിപ്പെടുത്തുക എന്നത് സാമൂഹിക ജനാധിപത്യത്തിന് അനിവാര്യമാണെന്ന് ഫ്രറ്റേണിറ്റി മനസ്സിലാക്കുന്നു. അതിനുള്ള ശ്രമങ്ങളുടെ തയ്യാറെടുപ്പാണ് **'RIGHT, DIGNITY, SOCIAL JUSTICE: DUE SHARE AND REPRESENTATION'** എന്ന ടൈറ്റിലിൽ **കോഴിക്കോട് ജെഡിടി ക്യാമ്പസിൽ നവംബർ 12, 13** തീയതികളിൽ സംഘടിപ്പിക്കുന്ന റിസർവേഷൻ സമ്മിറ്റ്. സംവരണ അവകാശ സമരങ്ങളിൽ വ്യത്യസ്ത സേവനങ്ങളർപ്പിച്ചിട്ടുള്ള പ്രമുഖർക്കൊപ്പം നാം പുതിയ വഴികൾ കണ്ടെത്താൻ ശ്രമിക്കുകയാണ്. സംവരണ മുന്നേറ്റങ്ങൾക്ക് ദിശപകരുന്ന ഈ റിസർവേഷൻ സമ്മിറ്റിലേക്ക് താങ്കളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

നജ്ദ റൈഹാൻ
പ്രസിഡന്റ്
ഫ്രറ്റേണിറ്റി മൂവ്മെന്റ് കേരള

FRATERNITY MOVEMENT
TVPM
Ph:81578 77816
KERALA STATE COMMITTEE